പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 242

# 2020-ലെ കേരള ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ അതോറിറ്റി ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

116/2020.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 242

# 2020-ലെ കേരള ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ അതോറിറ്റി ബിൽ

സംസ്ഥാനത്ത് ഓട്ടിസം രോഗംമൂലം കടബാദ്ധ്യതയും ദുരന്തങ്ങളും അനാഥത്വവും ഏറ്റുവാങ്ങി നിസ്സഹായരും ജീവിതം വഴിമുട്ടിയവരുമായ നിരാശ്രയ കുടുംബങ്ങളെ അപ്രകാരം പ്രഖ്യാപിക്കുന്നതിനും അടിയന്തര നടപടികളിലൂടെ അവരെ സംരക്ഷിക്കുന്നതിനുമായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ ഓട്ടിസം ബാധിതർ ഉള്ള കുടുംബങ്ങൾ കടബാദ്ധ്യതയും ദുരന്തങ്ങളും അനാഥത്വവും ഏറ്റുവാങ്ങി നിസ്സഹായരും ജീവിതം വഴിമുട്ടിയ അവസ്ഥയിലുമായി മാറുന്നതിനാൽ അത്തരം കുടുംബങ്ങളെ അപ്രകാരം പ്രഖ്യാപിക്കുന്നതിനും അടിയന്തര നടപടികളിലൂടെ അവരെ സംരക്ഷിക്കുന്നതിനും ഒരു നിയമം ഉണ്ടാക്കുന്നത് യുക്തമായിരിക്കയാൽ.,

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1 ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2020-ലെ കേരള സംസ്ഥാന ഓട്ടിസം ബാധിത നിരാശ്രയ കുടുംബസംരക്ഷണ അതോറിറ്റി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) നിരാശ്രയ കുടുംബം എന്നാൽ—

(എ) ഒരു കുടുംബത്തിലെ ഏതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ ഓട്ടിസം ബാധിക്കുകയും അതിന് ലഭ്യവും, ഫലപ്രദവുമായ ചികിത്സയ്ക്കാവശ്യമായ തുക കുടുംബാംഗങ്ങളുടെ വരുമാനം, അവകാശപ്പെട്ട സ്ഥാവര-ജംഗമ സ്വത്തുക്കൾ എന്നിവയിൽ നിന്ന് കണ്ടെത്താൻ കഴിയാത്തതുമായ കുടുംബം;

(ബി) ഒരു ഓട്ടിസം ബാധിത കുടുംബത്തിന്, ആ കുടുംബത്തിലെ ഏതെങ്കിലും വ്യക്തി മുഖേന അംഗീകൃത ധനകാര്യസ്ഥാപനങ്ങൾ, സ്വകാര്യവ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിലുണ്ടാകുന്ന രേഖാമൂലം തെളിവുകളുള്ള സാധുവായി കടബാദ്ധ്യതകൾ കുടുംബാഗങ്ങളുടെ വരുമാനം, സ്ഥാവര-ജംഗമ സ്വത്തുക്കൾ എന്നിവയിൽ നിന്നുള്ള വരുമാനത്തിലൂടെയോ അവയുടെ വിൽപ്പനയിലൂടെയോ കണ്ടെത്താൻ കഴിയാത്ത കുടുംബങ്ങൾ;

(സി) ഒരു കുടുംബത്തിലെ ഒന്നിലധികം അംഗങ്ങൾക്ക് ഓട്ടിസം രോഗം ബാധിക്കുകയും ഇവരുടെ ചികിത്സ, നിത്യവൃത്തി എന്നിവയ്ക്കാവശ്യമായ തുക കുടുംബാംഗങ്ങളുടെ വരുമാനം, അവകാശപ്പെട്ട സ്ഥാവര-ജംഗമ സ്വത്തുക്കൾ എന്നിവയിൽ നിന്ന് കണ്ടെത്താൻ കഴിയാത്തതുമായ കുടുംബങ്ങൾ;

(ഡി) ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ടവരോ ആശ്രയം ഇല്ലാത്തവരോ ആയ ഓട്ടിസം രോഗിക്ക് നിത്യവൃത്തി, ചികിത്സ എന്നിവയ്ക്കാവശ്യമായ തുക അവരുടെ സ്ഥാവര-ജംഗമ സ്വത്തുക്കളിൽ നിന്ന് കണ്ടെത്താൻ കഴിയാത്തവരും മറ്റു ബന്ധുക്കളിൽ നിന്ന് സഹായം ഇല്ലാത്തവരുമായ കുടുംബങ്ങൾ;

(ഇ) മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ടവരോ മാതാപിതാക്കൾ മരണപ്പെട്ടവരോ ആയ പ്രായപൂർത്തിയെത്താത്ത ഓട്ടിസം ബാധിതരായ മക്കൾ മാത്രമടങ്ങുന്ന (അവർക്ക് ബന്ധുക്കളിൽ നിന്ന് ആശ്രയമോ സ്ഥാവര-ജംഗമ സ്വത്തുക്കളിൽ നിന്ന് അതിജീവനത്തിനാവശ്യമായ വരുമാനമോ ഇല്ലാത്ത അവസ്ഥയിലുള്ള) കുടുംബങ്ങൾ.

(2) "ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ അതോറിറ്റി " എന്നാൽ ഓട്ടിസം ബാധിത നിരാശ്രയ കുടുംബസംരക്ഷണ പദ്ധതി നടപ്പാക്കുന്ന സംസ്ഥാനതല അതോറിറ്റി എന്നർത്ഥമാകുന്നു;

(3) "കടബാദ്ധ്യതകൾ" എന്നാൽ സർക്കാർ അംഗീകൃത ധനകാര്യസ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയിൽ നിയമാനുസൃതവും രേഖാമൂലവും സാധുവായതുമായ ബാദ്ധ്യതകൾ എന്നർത്ഥമാകുന്നു;

(4) "രോഗം" എന്നാൽ ഒരു കുടുംബത്തിന്റെ ഉപജീവനത്തിനുവേണ്ടി യാതൊരു തൊഴിലും ചെയ്യാൻ സാധിക്കാതെ വരുന്ന ഓട്ടിസം എന്ന രോഗാവസ്ഥ എന്നർത്ഥമാകുന്നു;

(5) "പ്രഖ്യാപിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻപ്രകാരം ഉണ്ടാക്കപ്പെട്ട അതോറിറ്റികൾ പ്രകാരം പ്രഖ്യാപിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(6) "പഞ്ചായത്ത് അംഗം" എന്നാൽ സംരക്ഷിക്കപ്പെടേണ്ട നിരാശ്രയ കുടുംബം ആ സമയത്ത് സ്ഥിരമായോ താൽക്കാലികമായോ താമസിക്കുന്ന വാർഡിലെ പഞ്ചായത്ത് അംഗം എന്നർത്ഥമാകുന്നു;

(7) "സമുദായ നേതാവ്" എന്നാൽ ഈ ആക്ട് പ്രകാരം സംരക്ഷിക്കപ്പെടേണ്ട കുടുംബം ഉൾപ്പെട്ട സമുദായത്തിന്റെ നേതാവ് എന്നർത്ഥമാകുന്നു;

(8) "തറവാട്ടുകാരണവർ" എന്നാൽ ഈ ആക്ട് പ്രകാരം സംരക്ഷിക്കപ്പെടേണ്ട കുടുംബം ഉൾപ്പെട്ട തറവാട്ട് കാരണവർ എന്നർത്ഥമാകുന്നു.

3. <u>ഓട്ടിസം ബാധിത നിരാശ്രയ കുടുംബസംരക്ഷണ അതോറിറ്റി രൂപീകരണം.</u>—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി കേരള ഓട്ടിസം ബാധിത നിരാശ്രയ കുടുംബസംരക്ഷണ അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ അതിനെ സഹായിക്കുന്നതിനായി സർക്കാരിന് യുക്തമെന്ന് തോന്നുന്ന ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(3) അതോറിറ്റി ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവര – ജംഗമ സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനും അധികാരത്തോട് കൂടിയതും അതോറിറ്റിയുടെ പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യുന്ന ഒരു സ്ഥാപനം ആയിരിക്കുന്നതാണ്;

4. <u>അതോറിറ്റിയുടെ ഘടന.</u>—(1) അതോറിറ്റിക്ക് ഒരു ചെയർമാൻ, സെക്രട്ടറി, ഭരണസമിതി എന്നിവയുണ്ടായിരിക്കുന്നതാണ്.

(2) അതോറിറ്റിയുടെ ചെയർമാൻ സർക്കാർ വിജ്ഞാപനപ്രകാരം റിട്ട. ഹൈക്കോടതി ജഡ്ജിയും സെക്രട്ടറി സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരാൾ ആയിരിക്കുന്നതാണ്.

(3) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങളുണ്ടായിരിക്കേണ്ടതാണ്, അതായത്.—

(എ) സർക്കാരിന്റെ ആരോഗ്യവകുപ്പ് സെക്രട്ടറി;

(ബി) സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി;

(സി) സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി;

(ഡി) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ;

(ഇ) പഞ്ചായത്ത് ഡയറക്ടർ;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ രണ്ട് സാമൂഹ്യപ്രവർത്തകർ;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മനഃശാസ്ത്രജ്ഞൻ;

(എച്ച്) നിയമസഭാ അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ; അതിൽ രണ്ട് പേർ വനിതകൾ ആയിരിക്കേണ്ടതാണ്;

(ഐ) പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ.

5. <u>സംസ്ഥാനതല അതോറിറ്റിയുടെ ചുമതലകൾ.</u>—(1) സർക്കാർ വിജ്ഞാപന പ്രകാരം ജില്ലാതലത്തിൽ ഓട്ടിസം ബാധിത നിരാശ്രയ കുടുംബസംരക്ഷണ സമിതികൾ രൂപീകരിക്കുക;

(2) ഈ ആക്റ്റിൻപ്രകാരം, ഓട്ടിസം ബാധിത കുടുംബമായി പ്രഖ്യാപിക്കപ്പെട്ട കുടുംബങ്ങളെ അപ്രകാരം ഏറ്റെടുത്തതായി വിജ്ഞാപനം പുറപ്പെടുവിക്കുക;

(3) ഈ ആക്റ്റിൻപ്രകാരം, ഓട്ടിസം ബാധിത കുടുംബങ്ങളുടെ സംരക്ഷണത്തിന് സംസ്ഥാനതലത്തിൽ ചെയ്യേണ്ടുന്ന കാര്യങ്ങൾ നിർവ്വഹിക്കുക;

(4) ഈ ആക്റ്റിന്റെ വിജയകരമായ നടത്തിപ്പിനാവശ്യമായ ഉപചട്ടങ്ങൾ നിർമ്മിക്കുക;

(5) ഈ ആക്റ്റിൻപ്രകാരം നിർണ്ണയിക്കപ്പെടുന്ന ഓട്ടിസം ബാധിത കുടുംബങ്ങൾ, സ്വയംപര്യാപ്ത കുടുംബങ്ങൾ എന്നിവയിന്മേലുള്ള പരാതികളിൽ അപ്പലേറ്റ് അതോറിറ്റിയായി പ്രവർത്തിക്കുക.

6. <u>ജില്ലാതല ഓട്ടിസം ബാധിത നിരാശ്രയ കുടുംബസംരക്ഷണ സമിതിയുടെ ഘടന.</u>—ജില്ലാതല കമ്മിറ്റിയുടെ സെക്രട്ടറി ജില്ലാ കളക്ടറും പ്രസിഡന്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ആയിരിക്കുന്നതാണ്. ജില്ലാതല അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങളുണ്ടായിരിക്കേണ്ടതാണ്,

അതായത്:—

(എ) ജില്ലാ മെഡിക്കൽ ഓഫീസർ;

(ബി) ജില്ലാ സാമൂഹ്യനീതിഓഫീസർ;

(സി) ജില്ലാ പഞ്ചായത്ത് സെക്രട്ടറി;

(ഡി) നാമനിർദേശം ചെയ്യപ്പെട്ട രണ്ട് സാമൂഹ്യ പ്രവർത്തകർ;

(ഇ) ജില്ലയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു മനഃ ശാസ്ത്രജ്ഞൻ.

7. <u>ജില്ലാതല അതോറിറ്റിയുടെ ചുമതലകൾ.</u>—(1) ഓട്ടിസം ബാധിത കുടുംബമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുന്ന അപേക്ഷ ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസ് വഴി വാർഡ് അംഗങ്ങൾക്കിടയിൽ നിന്ന് സ്വീകരിക്കുക;

(2) ഓട്ടിസം ബാധിത കുടുംബമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുന്ന കുടുംബങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുക. ഈ ആക്റ്റിൻപ്രകാരം ഓട്ടിസം ബാധിത നിരാശ്രയ കുടുംബങ്ങളെ അപ്രകാരം പ്രഖ്യാപിക്കുക;

(3) ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ട കുടുംബങ്ങളുടെ സുരക്ഷയ്ക്ക് ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തുക;

(4) ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ട കുടുംബങ്ങളെ രക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക;

(5) ഈ ആക്റ്റിൻപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുക.

8. <u>"ഓട്ടിസം ബാധിത കുടുംബം" സംബന്ധിച്ച പ്രഖ്യാപനവും തുടർനടപടികളും താഴെപ്പറയും പ്രകാരം ആയിരിക്കേണ്ടതാണ് അതായത്.</u>—(1) ഓട്ടിസം ബാധിത കുടുംബമായി പ്രഖ്യാപിക്കപ്പെടേണ്ട കുടുംബത്തെപ്പറ്റി ബന്ധപ്പെട്ട പഞ്ചായത്ത് മെമ്പർ, ആ കുടുംബത്തിന്റെ അപേക്ഷ പ്രകാരമോ, നേരിട്ടോ അല്ലാതെയോ ലഭിക്കുന്ന വിവരപ്രകാരമോ, രേഖാമൂലം ജില്ലാതല അതോറിറ്റിയിൽ അറിയിക്കേണ്ടതും, അതുപ്രകാരം അറിയിക്കപ്പെട്ടാൽ ഒരാഴ്ചയ്ക്കകം അർഹമെങ്കിൽ, ആ കുടുംബത്തെ നിരാശ്രയ കുടുംബമായി പ്രഖ്യാപിക്കേണ്ടതുമാണ്. ഇതിന് പ്രസ്തുത കുടുംബം ഉൾപ്പെട്ട സമുദായനേതാവ് അല്ലെങ്കിൽ തറവാട്ടുകാരണവരുടെ അനുമതി വാങ്ങേണ്ടതാണ്;

(2) ഓട്ടിസം ബാധിത കുടുംബത്തിന്റെ പേരിലുള്ള സ്ഥാവരജംഗമവസ്തുക്കൾ (വീട്ടുപകരണങ്ങൾ, വളർത്തുമൃഗങ്ങൾ എന്നിവ ഒഴികെ) സർക്കാരിന്റെ പൂർണ്ണമായ ഉടമസ്ഥതയിലും സംരക്ഷണയിലും ഉണ്ടായിരിക്കേണ്ടതും ഇപ്രകാരം ആകുന്നതിലുള്ള നടപടിക്രമങ്ങൾ കളക്ടർ സ്വീകരിക്കേണ്ടതുമാണ്;

(3) ഓട്ടിസം ബാധിത കുടുംബത്തിലെ രോഗബാധിതനായ അംഗത്തിന് സംസ്ഥാന സർക്കാർ അർദ്ധസർക്കാർ ആശുപത്രികളിലെ ലഭ്യമായ ഏതൊരു ചികിത്സയും പൂർണ്ണമായ സൗജന്യം ലഭിക്കുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്;

(4) ഓട്ടിസം ബാധിത കുടുംബത്തിലെ വൃദ്ധരായ വ്യക്തികൾ, പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്ക് സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ ഉടമസ്ഥതയിലുള്ള ഓട്ടിസം പുനരധിവാസ കേന്ദ്രങ്ങൾ, അഗതിമന്ദിരങ്ങൾ, അനാഥാലയങ്ങൾ എന്നിവിടങ്ങളിൽ ഉടനടി പ്രവേശനത്തിനും പൂർണ്ണമായ സൗജന്യമായ താമസത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്;

(5) ഓട്ടിസം ബാധിത കുടുംബത്തിലെ ഏതൊരു അംഗത്തിന്റെയും കേരളത്തിൽ ലഭ്യമായ ചികിത്സയ്ക്കോ, ഭക്ഷണത്തിനോ, താമസത്തിനോ, പാർപ്പിടത്തിനോ ആവശ്യമായ ഏതൊരു തുകയും ഇതിനായി നീക്കിവച്ച ഫണ്ടിൽനിന്നോ ദുരിതാശ്വാസനിധിയിൽ നിന്നോ അനുവദിക്കുന്നതിന് സർക്കാരിന് പൂർണ്ണമായ അധികാരമുണ്ടായിരിക്കുന്നതാണ്;

(6) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് കാര്യക്ഷമമായ സംവിധാനം വരുത്തേണ്ടത് പ്രഥമകർത്തവ്യമാണ്. ഇത്തരം കുട്ടികളെ മുഖ്യധാരാസ്കൂളുകളിൽ അദ്ധ്യയനം നടത്തുവാൻ കഴിയുമോ എന്ന് പരിശോധിക്കുകയും കഴിയുന്നപക്ഷം അവരെ മുഖ്യധാരാസ്കൂളുകളിൽ അദ്ധ്യയനം നടത്തുവാൻ നടപടി സ്വീകരിക്കുകയും വേണം;

(7) ഓട്ടിസം ബാധിത കുടുംബത്തിലെ ഏതെങ്കിലും നിശ്ചിത യോഗ്യതയുള്ള ഒരു അംഗത്തിന് സർക്കാരിന് നിയന്ത്രണമുള്ള ഏതൊരു സ്ഥാപനത്തിലും സ്ഥിരമായ ജോലി നൽകുന്നതിനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്;

(8) ഓട്ടിസം ബാധിത കുടുംബമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട കമ്മിറ്റിക്ക് ഏകകണ്ഠമായ തീരുമാനമെടുക്കാൻ കഴിയുന്നില്ലെങ്കിൽ, ആയത് എത്രയും വേഗം അതത് കളക്ടർ സംസ്ഥാന അതോറിറ്റിക്ക് എത്തിച്ചുകൊടുക്കേണ്ടതും, കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല അതോറിറ്റിക്ക് അന്തിമ തീരുമാനമെടുക്കുകയും ചെയ്യാവുന്നതാണ്;

(9) ഒരു കുടുംബം ഓട്ടിസം ബാധിത കുടുംബമായി പ്രഖ്യാപിക്കപ്പെടുകയും ഇപ്രകാരം പ്രഖ്യാപിക്കുന്നതിന് കമ്മിറ്റി അംഗമായ പഞ്ചായത്ത് പ്രസിഡന്റിന്റെ വിയോജനക്കുറിപ്പ് ഇല്ലാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, ഈ കുടുംബത്തിനുവേണ്ടി സർക്കാർ നൽകുന്ന ധനവിനിയോഗത്തിന്റെ പത്തുശതമാനത്തിൽ കുറയാത്ത സംഖ്യ പഞ്ചായത്തിന്റെ ലഭ്യമായ ഏതെങ്കിലും ഫണ്ടിൽ നിന്നും സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്;

(10) ഈ പദ്ധതി ഏതൊരു സമയം നിർത്തിവയ്ക്കാനോ ഇല്ലാതാക്കാനോ ഉള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

9. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—സർക്കാരിന് ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന്റെ ആവശ്യത്തിലേക്കായി ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ഇപ്പോൾ ഓട്ടിസം രോഗവും അതുമൂലമുണ്ടാകുന്ന കടബാദ്ധ്യതയും അനാഥത്വവും വഴി നിസ്സഹായവസ്ഥയിലായി ജീവിതം വഴിമുട്ടുന്ന കുടുംബങ്ങൾ കൂടി വരികയും ആ കുടുംബങ്ങളിലെ വ്യക്തികളും കുടുംബമൊന്നാകെയും ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളും നിരന്തരം ഉണ്ടാകുകയാണ്. തങ്ങളുടെ മരണശേഷം കുട്ടികളെ ആരും സംരക്ഷിക്കില്ലെന്നു കരുതി പിഞ്ചുകുഞ്ഞുങ്ങളെ കൊലപ്പെടുത്തിയാണ് മാതാപിതാക്കൾ ആത്മഹത്യ ചെയ്യുന്നത്.

ഓരോ വ്യക്തിയുടെയും സംരക്ഷണവും സുരക്ഷിതത്വവും സർക്കാരിന്റെ ചുമതലയായതിനാൽ, ഇത്തരം കുടുംബങ്ങളുടെ സംരക്ഷണവും ബാദ്ധ്യതയും ഏറ്റെടുക്കേണ്ട പൂർണ്ണമായ ഉത്തരവാദിത്വം സർക്കാരിനുണ്ട്. ഇത്തരം കുടുംബങ്ങൾ ഉൾപ്പെടുന്ന സമൂഹത്തിനും ഈ ഉത്തരവാദിത്വത്തിൽ പങ്കാളിത്തം നൽകേണ്ടതുണ്ട്. ഓട്ടിസം ബാധിതരായ കുട്ടികളെ കഴിവതും മുഖ്യധാരാസ്കൂളുകളിൽ അദ്ധ്യയനം നടത്തുവാൻ സാഹചര്യം ഒരുക്കേണ്ടതും അനിവാര്യമാണ്. ഇപ്പോൾ ഓട്ടിസം ബാധിതരെ സാഹായിക്കുന്നതിനായി പല പദ്ധതികൾ ഉണ്ടെങ്കിലും കുടുംബങ്ങൾക്ക് പൂർണ്ണമായ ആശ്രയബോധം നൽകുന്നതിന് പര്യാപ്തമല്ല. ഓട്ടിസം ബാധിതരെ സാഹായിക്കുന്നതിനും ഇത്തരം കുടുംബങ്ങളുടെ സംരക്ഷണവും ബാധ്യതകളും ഏറ്റെടുക്കുന്നതിനുമായി ഒരു പ്രത്യേകമായ പദ്ധതിയും നിയമവും നിർമ്മിക്കേണ്ടത് കാലഘട്ടത്തിന്റെ അത്യാവശ്യമാണ്.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും നൽകുന്നതിന് സർക്കാരിന് സാമ്പത്തികബാദ്ധ്യത ഉണ്ടാകുന്നതാണ്. ഓട്ടിസം ബാധിത കുടുംബമായി പ്രഖ്യാപിക്കപ്പെടേണ്ട ഇത്ര കുടുംബങ്ങൾ ഓരോകാലത്തും ഇത്രയെന്ന് കൃത്യമായി കണക്കാക്കാൻ കഴിയുകയില്ല. ഈ ബില്ലിലെ ഏഴാംഖണ്ഡം അഞ്ചാം ഉപഖണ്ഡപ്രകാരം ജില്ലാതല അതോറിറ്റിക്ക് കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനാവശ്യമായ ഫണ്ട് രൂപീകരിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, മറ്റു സഹായപദ്ധതികൾ എന്നിവയിൽ നിന്ന് സഹായം ലഭിക്കുന്നതിനുള്ള വകുപ്പുകളും ഈ ആക്റ്റിൽ അനുശാസിക്കുന്നുണ്ട്. എന്നിരുന്നാലും പ്രാരംഭച്ചെലവുകൾക്കായി 50 ലക്ഷം രൂപയുടെ ഒരു സഞ്ചിതനിധി സ്വീകരിക്കേണ്ടതുണ്ട്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ മൂന്നാംഖണ്ഡം ഓട്ടിസം ബാധിത നിരാശ്രയ കുടുംബസംരക്ഷണ അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ബില്ലിലെ ഒമ്പതാംഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാകുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യാനോ റദ്ദാക്കാനോ ഉള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങൾക്ക് വേണ്ടിയാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

വി. പി. സജീന്ദ്രൻ, എം.എൽ.എ.